## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4345 — 24.10.2016 ൽ - മറുപടിക്ക്

## റേഷൻ കടകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഡി.കെ. മുരളി : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻകടകൾ നവീകരിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. റേഷൻ കടകൾ നവീകരിക്കുന്നതിനും മറ്റ് പലചരക്കുകൾ കൂടി ന്യായവിലയ്ക്ക് വിൽക്കുന്ന കടകളായി അവയെ രൂപാന്തരപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രീ-പൈലറ്റ് പദ്ധതി, മോഡൽ പൈലറ്റ് പദ്ധതി എന്നിവയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 22 റേഷൻ കടകളിൽ (14 എണ്ണം തിരുവനന്തപുരം ജില്ലയിലും 8 എണ്ണം എറണാകുളം ജില്ലയിലും) ഒരേ നിറത്തിലും മാതൃക യിലുമുളള പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, തറ ടൈൽ പാകൽ, നെയിംബോർഡ് സ്ഥാപിക്കൽ, സ്റ്റോക്ക് ബോർഡ് സ്ഥാപിക്കൽ എന്നീ ജോലികൾ ചെയ്ത് നവീകരിച്ചിരുന്നു. |
| (ബി) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്താൻ എന്തു സംവിധാനമാണ് നിലവിലുളളത്; | (ബി) റേഷൻ സാധനങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ. ഗോഡൗണുകളിലാണ്. ആയത് വിട്ടെടുക്കുന്നതിന് മുൻപായി ജില്ല സപ്ലൈ ഓഫീസർമാർ ബന്ധപ്പെട്ട എഫ്.സി.ഐ. ഗോഡൗണുകളിൽ ഗുണ നിലവാരമുളള അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽ നിന്ന് എ.ഡബ്യൂ.ഡി.കൾ വിട്ടെടുക്കുകയും ചെയ്യുന്നു. എഫ്.സി.ഐ. യിൽ നിന്നും വിട്ടെടുക്കുന്നതിന്റെ സാമ്പിളുകളുടെ എല്ലാ വിവരങ്ങളും |

പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. കൂടാതെ എ.ഡബ്ല്യൂ.ഡി. കളിൽ നിന്നും റേഷൻ ഡിപ്പോകൾക്ക് വിതരണം ചെയ്യുമ്പോൾ സീൽ ചെയ്ത സാമ്പിൾ പാക്കറ്റുകൾ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നൽകുന്ന ഭക്ഷ്യ വിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എ.ആർ.ഡി. കളിൽ വിതരണ സമയത്ത് സാമ്പിൾ പാക്കറ്റ് പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ പരിശോധനാ വേളയിൽ ഉറപ്പ് വരത്തുന്നുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ചുള്ള പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നുണ്ട്.

(സി) നിലവിലുള്ള സംവിധാനത്തിൽ എന്ത് പരിഷ്ക്കാരം വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

(സി) റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗ ങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ